# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 298 | 09-05-2017 ൽ മറുപടിയ്ക്ക്

## സാഗരമാല പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. ഗീതാഗോപി<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ആർ.രാമചന്ദ്രൻ<br>ശ്രീ. വി.ആർ.സുനിൽ കുമാർ | :<br>:<br>:<br>: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | തുറമുഖങ്ങളുടെ വികനത്തിനായി 'സാഗരമാല ' എന്ന പേരിൽ പദ്ധതി നിലവിലുണ്ടോ ; | (എ) | രാജ്യത്തെ തുറമുഖങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'സാഗരമാല'. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) | രാജ്യത്തെ നിലവിലുള്ള തുറമുഖങ്ങളുടെ ആധുനികവത്കരണം, അടിസ്ഥാന സൗകര്യ വികസനം, പുതിയ തുറമുഖങ്ങളുടെ നിർമ്മാണം, തുറമുഖങ്ങളിലേയ്ക്കുള്ള റോഡ്/റയിൽ ബന്ധം സ്ഥാപിക്കൽ തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണം, തീരദേശ ജനവിഭാഗങ്ങളുടെ സമഗ്രവികസനം എന്നിവയാണ് സാഗർമാല പദ്ധതിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നുള്ള അനുമതിയും ധനസഹായവും ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (സി) | അഴീക്കൽ തുറമുഖ വികസനം, കൊല്ലം തുറമുഖത്തെ പാസഞ്ചർ ടെർമിനൽ നിർമ്മാണം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേയ്ക്കുള്ള റോഡ് കണക്റ്റിവിറ്റി, പൊന്നാനി തുറമുഖത്തേക്കുള്ള റയിൽ കണക്റ്റിവിറ്റി എന്നീ പ്രൊപ്പോസലുകൾ സാഗരമാല പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ